# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2728 07.12.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ ചികിത്സ ധനസഹായം

| | ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ ചികിത്സ ധനസഹായത്തിനുള്ള അപേക്ഷയിൻമേൽ നിലവിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ബി) & സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | അക്ഷയ സെന്ററുകൾ വഴി അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും നാളിതുവരെ അക്ഷയ സെന്ററിന് തുക ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | ചികിത്സ ധനസഹായത്തിനുള്ള അപേക്ഷയിൽ മതിയായ തുക ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) | കാൻസർ, വൃക്കരോഗം പോലെ തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് നിശ്ചിത കാലയളവിൽ തുക നൽകാൻ തീരുമാനമെടുക്കുമോ; | ഡി) | പട്ടികജാതി വികസന വകുപ്പിൽ ചികിത്സ ധനസഹായം അനുവദിക്കുന്നത് ഓൺ ലൈൻ അപേക്ഷ മുഖേനയായതിനാൽ തുക യഥാസമയം തന്നെ അനുവദിക്കുവാൻ കഴിയുന്നുണ്ട്. ഗുരുതരമായ രോഗം ബാധിച്ചവരും എം.പി/എം.എൽ.എ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/കോർപ്പറേഷൻ മേയർ/നഗരസഭാ അദ്ധ്യക്ഷൻ എന്നിവരുടെ ശുപാർശയോടെ വരുന്ന അടിയന്തര പ്രാധാന്യമുള്ള അപേക്ഷകൾ പട്ടികജാതി വികസന ഓഫീസർ നേരിട്ട് ബഹു.വകുപ്പ് മന്ത്രിയുടെ ഓഫീസിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | അയയ്ക്കുകയും ആയതിന് അടിയന്തര പ്രാധാന്യത്തോടെ തന്നെ തുക അനുവദിയ്ക്കുകയും ചെയ്തു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാന ത്തിൽ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു. നിശ്ചിത കാലയളവിൽ തന്നെ ചികിത്സാ ധനസഹായം നൽകി വരുന്നു. |
| ഇ) | എല്ലാ ബ്ലോക്ക് ഓഫീസുകളിലും നിലവിൽ ഡി.ആർ.എഫ്.അപേക്ഷകൾ കെട്ടിക്കിടക്കുകയാണ് എന്നുള്ളതിനാൽ ചികിത്സ ധനസഹായത്തിനുള്ള അപേക്ഷ തീർപ്പാക്കുന്നതിന് എസ്.സി. പ്രൊമോട്ടർ മാരുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഇ) | നിലവിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നത് ഓൺലൈൻ അപേക്ഷ കൾ മുഖാന്തിരമായതിനാൽ തുക യഥാ സമയം അനുവദിക്കുവാൻ സാധിക്കുന്നുണ്ട്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഉടൻ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.നിലവിൽ ബ്ലോക്ക് ഓഫീസുകളിൽ എസ്.സി പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**